കോഴിക്കോട്ടെ ഹജ്ജ് ഹൗസ്

63 [3071] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട് നിലവിലുള്ള ഹജ്ജ് ഹൗസ് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഹജ്ജ് ഹൗസ് വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഹജ്ജ് ഹൗസ് നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ഫണ്ട് നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഹജ്ജ് ഹൗസ് നിർമ്മാണത്തിനെതിരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് പരാതിപ്പെട്ടതെന്ന് വെളിപ്പെടുത്താമോ; എങ്കിൽ പരാതികളിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഇ) കെട്ടിട നിർമ്മാണത്തിനു വേണ്ട പ്ലാനിനും എസ്റ്റിമേറ്റിനും അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്ലാൻ സമർപ്പിച്ച തീയതിയും അംഗീകാരം ലഭിച്ച തീയതിയും വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കരിപ്പൂർ എയർപോർട്ടിനടുത്തുള്ള ഹജ്ജ് ഹൗസ് വികസിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 1 കോടി രൂപ നൽകുമെന്ന് 2004-2005 ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

(ഡി) ഇ.എം.ഇ.എ. കോളേജ് പരിസരത്ത് പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് എതിരായി കേരള സ്റ്റേറ്റ് ഹജ്ജ് വെൽഫയർ ഫോറം, മലബാർ ഹജ്ജ് വെൽഫയർ അസോസിയേഷൻ, മുസ്ലീം സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകൾ പരാതി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഹജ്ജ് നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വിലയിരുത്തിയതിനെ തുടർന്ന് നിലവിലുള്ള ഹജ്ജ് ഹൗസിനു സമീപം ചില അഭ്യുദയ കാംക്ഷികൾ സൗജന്യമായി നൽകാമെന്ന് ഏറ്റ സ്ഥലത്ത് ഹജ്ജ് ഹൗസ് നിർമ്മിക്കുന്ന കാര്യം ഹജ്ജ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ഇ) കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ലാത്തതിനാൽ പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly